"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2016-17- ആറന്മുള നിയോജക മണ്ഡലം - പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം വോളിബോൾ അക്കാദമിക്ക് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.1117/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/06/2021

---

പരാമർശം:- 1 31/10/2017 ലെ സഉ(സാധാ) നം 3498/17/തസ്വഭവ.

2 ആറന്മുള എം.എൽ.എയും ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുമായ ശ്രീമതി വീണാ ജോർജ്ജ് അവർകൾ ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് നൽകിയ 08.10.2020 തീയതിയിലെ കത്ത്.

3 തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയറുടെ 28.01.2021 തീയതിയിലെ എബി2/ഡിബി6/340/2020/സിഇ/തസ്വഭവ നമ്പർ കത്ത്.

4 18.02.2021 ലെ സഉ(സാധാ) നമ്പർ: 1482/2021/ധന.

**ഉത്തരവ്**

ആറന്മുള എം.എൽ.എയും ബഹു: ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുമായ ശ്രീമതി വീണാ ജോർജ് അവർകളുടെ 2016- 17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം വോളിബോൾ അക്കാദമിക്ക് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഭരണാനുമതി തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി നിർമ്മാണം പൂർത്തീകരിക്കണമെന്ന് ബഹു: എംഎൽഎ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ ഭരണാനുമതി തുകയ്ക്കുള്ളിൽ നിന്നു കൊണ്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പരാമർശം (3) പ്രകാരം സമർപ്പിക്കുകയുണ്ടായി. ഭരണാനുമതി തുകയ്ക്കുള്ളിൽ നിന്നുകൊണ്ടു തയ്യാറാക്കിയ പരിഷ്കരിച്ച എസ്റ്റിമേറ്റ്

പ്രകാരം പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം വോളിബോൾ അക്കാദമിക്ക് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് പരാമർശം (4) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആറന്മുള എം.എൽ.എയും ബഹു: ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുമായ ശ്രീമതി വീണാ ജോർജ്ജ് അവർകളുടെ 2016 - 17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം വോളിബോൾ അക്കാദമിക്ക് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിക്കുന്നതിലേക്ക് ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ബഹു: ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ {(എ&ഇ/ഓഡിറ്റ്) എൽ ബി എ & എ} തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ ബി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ